കേരള സർക്കാർ

നം.96/ആർ.എ 1/2017/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:19.01.2018

**സർക്കുലർ**

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - അനുമതി ഇല്ലാതെ വീട് നിർമ്മാണം ആരംഭിക്കുകയും വിവിധ ഘട്ടങ്ങളിൽ നിർമ്മാണം പുരോഗമിച്ചതുമായ വീടുകൾക്ക് അനുമതി നൽകുന്നത് - സംബന്ധിച്ച്.

സൂചന:
1) 22.12.2016-ലെ 994733/ആർ.എ 1/2016/തസ്വഭവ നമ്പർ സർക്കുലർ.
2) 06.12.2017-ലെ 1858832/ആർ.എ 1/17/തസ്വഭവ നമ്പർ സർക്കുലർ.

ബി.റ്റി.ആർ.-ൽ നിലം വിഭാഗത്തിൽപ്പെടുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ ടി ഭൂമി 12.08.2008-ന് മുമ്പ് നികത്തിയതാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി, അഗ്രിക്കൾച്ചറൽ ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന ടീം ഉറപ്പ് വരുത്തി ശിപാർശ ചെയ്യുകയാണെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിക്ക് വീട് നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണെന്ന് സൂചന സർക്കുലറുകൾ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

2) എന്നാൽ അനുമതി ഇല്ലാതെ വീടിന്റെ നിർമ്മാണം ആരംഭിക്കുകയും വിവിധ ഘട്ടങ്ങളിൽ നിർമ്മാണം പുരോഗമിച്ചതുമായ വീടുകൾക്ക് അനുമതി നൽകേണ്ടതുണ്ടോ എന്നും ഉണ്ടെങ്കിൽ ആ ചുമതല ആരിൽ ഏത് ഉത്തരവ് പ്രകാരം നിക്ഷിപ്തമാണ് എന്നും ടി സർക്കുലറിൽ പരാമർശിച്ചിട്ടില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

3) ഈ സാഹചര്യത്തിൽ, അനുമതി ഇല്ലാതെ ഇത്തരം ഭൂമിയിൽ നിർമ്മിച്ച കെട്ടിടങ്ങളുടെ കാര്യത്തിലും മുകളിൽ പറഞ്ഞിരിക്കുന്ന കമ്മിറ്റി ശിപാർശ ചെയ്യുകയാണെങ്കിൽ ഇത്തരം കെട്ടിടങ്ങൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് ക്രമവൽക്കരിച്ച് നൽകാവുന്നതാണ് എന്ന നിർദ്ദേശം നൽകുന്നു.

**റ്റി.കെ.ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)

(തുടർച്ച........2)

2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)
3. എല്ലാ ജില്ലാ കളക്ടർമാർക്കും
4. എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
5. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
6. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
7. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)
8. റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
9. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
10. റവന്യൂ വകുപ്പ്
11. കൃഷി വകുപ്പ്
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ (വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
13. വെബ് & ന്യൂ മീഡിയ, ഐ &പി.ആർ.ഡി
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.